**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1329

04.02.2019- ൽ
മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ പട്ടയവിതരണം

ചോദ്യം
ശ്രീ.കെ.ബാബു

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) പാലക്കാട് ജില്ലയിലെ പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും, എല്ലാ താലൂക്കുകളിലും അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും, ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി വിതരണം ചെയ്യുന്നതിനായുള്ള ചട്ടപ്രകാരമുള്ള നടപടികളും സമയബന്ധിതമായി സ്വീകരിച്ച വരുന്നു. |
| (ബി) നെല്ലിയാമ്പതി പഞ്ചായത്തിൽ നൂറടി, പാടഗിരി പ്രദേശത്ത് പട്ടയവിതരണത്തിന് ഫോറസ്റ്റ് വകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ;<br>(സി) അതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് ഇതുവരെ പട്ടയം നൽകുന്നതിന് സാധിച്ചിട്ടുണ്ട്; തുടർന്ന് എത്രപേർക്കുകൂടി പട്ടയവിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | ബി) & സി) | എൻ.ഒ.സി ലഭിക്കാത്തതിനാൽ പട്ടയം നൽകിയിട്ടില്ല. |

Indu.S.S

സെക്ഷൻ ഓഫീസർ